**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1451** **19-06-2024 - ൽ മറുപടിയ്ക്ക്**

**എസ്എസ്എൽസി വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും തുടർ പഠനത്തിന് അവസരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ചരിത്രത്തിലെ ഏറ്റവും വലിയ വിജയശതമാനം ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | (എ) ഇല്ല. 2024-ൽ നടന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ വിജയ ശതമാനം 99.69 ആണ്. മുൻ വർഷം വിജയ ശതമാനം 99.7 ആയിരുന്നു. |
| (ബി) | ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷയെഴുതി ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും തുടർപഠനം ഉറപ്പാക്കുന്ന വിധത്തിൽ ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി കോഴ്സുകൾക്കുള്ള സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | **വി.എച്ച്.എസ്.ഇ**<br>(ബി) യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും തുടർപഠനം ഉറപ്പാക്കുന്ന വിധത്തിൽ വി.എച്ച്.എസ്.ഇ വിഭാഗത്തിൽ സീറ്റുകൾ ലഭ്യമാണ്.<br><br>**ഹയർസെക്കണ്ടറി**<br>(ബി) ഉണ്ട്. ഹയർസെക്കണ്ടറിയിൽ 2022-23 അദ്ധ്യയന വർഷം സ.ഉ.(കൈ)നം.118/2022/ പൊ.വി.വ തീയതി 07-07-2022 സർക്കാർ ഉത്തരവ് അനുസരിച്ച് അനുവദിച്ച ആകെ 81 താൽക്കാലിക ബാച്ചുകൾ 2023-24 അദ്ധ്യയന വർഷവും സ.ഉ.(കൈ)നം.63/2023/പൊ.വി.വ തീയതി 27-05-2023 സർക്കാർ ഉത്തരവ് അനുസരിച്ച് തുടർന്നിരുന്നു. സ.ഉ.(കൈ)നം.45/2024/പൊ.വി.വ തീയതി 08/05/2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും എല്ലാ എയിഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും ആവശ്യപ്പെടുന്ന എയിഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ചിട്ടുണ്ട്. |
| (സി) | മലബാർ മേഖലയിൽ ഉന്നത പഠനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമാകുന്നത്ര പ്ലസ് വൺ, ഹയർസെക്കൻഡറി, വോക്കേഷണൽ | (സി) | **വി.എച്ച്.എസ്.ഇ**<br>(സി) യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും തുടർപഠനം ഉറപ്പാക്കുന്ന വിധത്തിൽ വി.എച്ച്.എസ്.ഇ വിഭാഗത്തിൽ സീറ്റുകൾ ലഭ്യമാണ്. |

| | | | |
|---|---|---|---|
| | ഹയർസെക്കൻഡറി സീറ്റുകൾ വർധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | | **ഹയർസെക്കണ്ടറി**<br><br>(സി) ഹയർസെക്കണ്ടറിയിൽ 2022-23 അദ്ധ്യയന വർഷം സ.ഉ.(കൈ)നം.118/2022/പൊ.വി.വ തീയതി 07-07-2022 സർക്കാർ ഉത്തരവ് അനുസരിച്ച് അനുവദിച്ച ആകെ 81 താൽക്കാലിക ബാച്ചുകൾ 2023-24 അദ്ധ്യയന വർഷവും സ.ഉ.(കൈ)നം.63/2023/പൊ.വി.വ തീയതി 27-05-2023 സർക്കാർ ഉത്തരവ് അനുസരിച്ച് തുടർന്നിരുന്നു. സ.ഉ.(കൈ)നം.45/2024/പൊ.വി.വ തീയതി 08/05/2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും എല്ലാ എയിഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും ആവശ്യപ്പെടുന്ന എയിഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്താകമാനമുള്ള സ്കൂളുകളിൽ പ്ലസ് വൺ പഠനത്തിന് സയൻസ് വിഷയത്തിൽ കൂടുതൽ സീറ്റുകൾ ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഡി) | **വി.എച്ച്.എസ്.ഇ**<br>(ഡി) വി.എച്ച്.എസ്.ഇ യിൽ നിലവിൽ സയൻസ് ബാച്ചുകൾ ആണ് കൂടുതലായുള്ളത്.<br><br>**ഹയർസെക്കണ്ടറി**<br>(ഡി) ഹയർ സെക്കണ്ടറിയിൽ 2022-23 അദ്ധ്യയന വർഷം സ.ഉ.(കൈ)നം.118/2022/പൊ.വി.വ തീയതി 07-07-2022 സർക്കാർ ഉത്തരവ് അനുസരിച്ച് അനുവദിച്ച ആകെ 81 താൽക്കാലിക ബാച്ചുകൾ 2023-24 അദ്ധ്യയന വർഷവും സ.ഉ.(കൈ)നം. 63/2023/പൊ.വി.വ തീയതി 27-05-2023 സർക്കാർ ഉത്തരവ് അനുസരിച്ച് തുടർന്നിരുന്നു. സ.ഉ.(കൈ) നം.45/2024/പൊ.വി.വ തീയതി 08/05/2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും എല്ലാ എയിഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും ആവശ്യപ്പെടുന്ന ഏയിഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ച് ഉത്തരവായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ